# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3040

21.08.2017 - ൽ
മറുപടിയ്ക്ക്

## നെൽവിത്തുകളുടെ ദൗർലഭ്യം

**ചോദ്യം**
**ശ്രീ.വി.ടി.ബൽറാം**
**ശ്രീ.പി.ടി.തോമസ്**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** സംസ്ഥാനത്ത് വെള്ളക്കെട്ടുള്ള പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നതിനുവേണ്ടി കർഷകർക്ക് കൃഷിഭവൻ മുഖാന്തിരം സബ്സിഡി നിരക്കിൽ വിതരണം ചെയ്തുകൊണ്ടിരുന്ന പൊന്മണി, ഉമ തുടങ്ങിയ നെൽ വിത്തുകൾ ഇപ്പോൾ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇവ ലഭ്യമല്ലാത്തത് വെള്ളക്കെട്ടുള്ള പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നതിനു തടസ്സമാകുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | **എ)** പാലക്കാട് ജില്ലയിൽ ഈ വർഷത്തെ ഒന്നാം വിള കൃഷിയിറക്കുവാൻ വൈകിയ കർഷകർക്ക് പൊന്മണി, ഉമ വിത്തുകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒന്നാം വിള കൃഷിക്കായി 2411 ടൺ ഉമ, 63 ടൺ പൊൻമണി വിത്തുകൾ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സംസ്ഥാനത്തെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ കൃഷി ചെയ്യുവാൻ കഴിയുന്ന ജയ വിത്ത് 292 ടൺ ഈ വർഷം വിതരണം ചെയ്തിട്ടുണ്ട്. നാഷണൽ സീഡ്സ് കോർപ്പറേഷൻ മുഖേന വിത്ത് ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികളും കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സ്വീകരിച്ചിട്ടുണ്ട്. |
| **ബി)** ഇത്തരം നെൽവിത്തുകൾക്കുള്ള സബ്സിഡി നിലവിലുണ്ടോ; ഇവ ശേഖരിച്ച് കൃഷി ഭവനുകൾ മുഖേന കർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **ബി)** നെൽവിത്ത് ഉൾപ്പടെയുള്ള ഉത്പാദോപാധികൾക്ക് നെൽ കൃഷി വികസന പദ്ധതി പ്രകാരം സബ്സിഡി ലഭ്യമാണ്. കർഷകർക്കാവശ്യമായ വിത്ത് കൃഷിഭവൻ മുഖേന കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**